# കേരള സർവകലാശാല

നം.പി.ആർ.276/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2020 ജനുവരി 23 മുതൽ ആരംഭിക്കുന്ന വിദൂരവിദ്യാഭ്യാസ വിഭാഗം രണ്ടാം സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ (റെഗുലർ – 2018 അഡ്മിഷൻ ആന്റ് ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2017 അഡ്മിഷൻ) പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് നടത്തിയ (2013 അഡ്മിഷന് മുൻപ് – 2010, 2011 അഡ്മിഷൻ മേഴ്സിചാൻസ്, 2012 അഡ്മിഷൻ സപ്ലിമെന്ററി) മൂന്നാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (133) പ്രോഗ്രാമിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2020 ജനുവരി 10 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ജനുവരിയിൽ നടന്ന ഒന്ന്, മൂന്ന്, അഞ്ച് സെമസ്റ്റർ ബി.ഡെസ്സ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2020 ജനുവരി 14 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ഡിസംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.ടെക് തീസിസ് ആന്റ് വൈവാ വോസി 2013 സ്കീം, നവംബർ 2019 പരീക്ഷകളുടെ (ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പിഎച്ച്.ഡി രജിസ്ട്രേഷൻ

സർവകലാശാലയുടെ ജനുവരി 2020 സെഷൻ പിഎച്ച്.ഡി രജിസ്ട്രേഷന് ഒഴിവുകളുള്ള വിഷയങ്ങളിൽ ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു. 2020 ജനുവരി 1 മുതൽ 15 വരെ സർവകലാശാലയുടെ റിസർച്ച് പോർട്ടൽ വെബ്സൈറ്റിൽ (www.research.keralauniversity.ac.in) അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് റിസർച്ച് പോർട്ടൽ വെബ്സൈറ്റ് സന്ദർശിക്കുക. യൂണിവേഴ്സിറ്റി ടീച്ചിംഗ് ഡിപ്പാർട്ട്മെന്റുകൾ ഇല്ലാത്ത വിഷയങ്ങളിൽ അപേക്ഷിച്ചവർ ഓൺലൈൻ അപേക്ഷയുടെ പകർപ്പും അനുബന്ധരേഖകളും 2020 ജനുവരി 16 ന് 5 മണിക്ക് മുൻപായി സർവകലാശാല രജിസ്ട്രാറിന് സമർപ്പിക്കേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.

27.12.2019

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098